**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2930** **24-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് മുഖേന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ സാംസ്കാരിക വകുപ്പ് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ സാംസ്കാരിക വകുപ്പ് മുഖേന മഞ്ചേശ്വരം മണ്ഡലത്തിൽ യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ് പദ്ധതിയുടെ ഭാഗമായുള്ള ക്ലസ്റ്റർ തിരിച്ചുള്ള കലാപരിശീലന കേന്ദ്രങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ വിവിധ പ്രായക്കാരായവർക്ക് കലാപഠനം നടത്തുന്നതിന് അവസരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.<br><br>മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരകത്തിന് 2022-23 സാമ്പത്തികവർഷം വകുപ്പിലെ 2205-00-102-98-36-(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും വിവിധ പ്രവർത്തനങ്ങൾക്കായി 57,00,000/- രൂപ (അൻപത്തി ഏഴ് ലക്ഷം രൂപാ മാത്രം) അനുവദിച്ചിരുന്നു.<br><br>മഹാകവി ടി ഉബൈദിന് സ്മാരകം നിർമ്മിക്കുന്നത് സംബന്ധിച്ച് 2022-23, 2023-24 വർഷങ്ങളിലെ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി 3 കോടി രൂപ അടങ്കൽ നിശ്ചയിച്ച് 100 രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിക്കായി പ്രൊപ്പോസൽ ലഭ്യമാകാത്തതിനാൽ ടി പദ്ധതി യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. 2022-23 വർഷത്തെ ബജറ്റിൽ വകയിരുത്തിയ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ക്രമ നം. 1449 ആയി കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയുടെ പേരിൽ കന്നട അക്കാഡമി സ്ഥാപിക്കുന്നതിന് 2 കോടി രൂപ അടങ്കൽ നിശ്ചയിച്ച് 20% തുകയായ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ഭൂമി സംബന്ധിച്ച വിവരങ്ങൾ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തയാറാക്കിയ 2.5 കോടി രൂപയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 2023-24 വർഷത്തെ ബജറ്റിൽ വകയിരുത്തിയ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ക്രമ നം. 1608 ആയി പാർത്ഥസുബ്ബ യക്ഷഗാന അക്കാദമി നിർമ്മാണത്തിന് 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) അടങ്കൽ തുക നിശ്ചയിച്ച്, 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തിയിരുന്നു. ടി നിർമ്മാണത്തിന്റെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ